# കേരള സർവകലാശാല

നം.പി.ആർ.251/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രങ്ങൾ

ഡിസംബർ 2 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിൻ ആന്റ് സബ്സിഡിയറി വിഷയങ്ങൾക്കുള്ള മേഴ്സിചാൻസ് പരീക്ഷയ്ക്ക് കാര്യവട്ടം എസ്.ഡി.ഇ, എസ്.എൻ കോളേജ്, കൊല്ലം, എസ്.എൻ കോളേജ്, ചേർത്തല എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കാര്യവട്ടം എസ്.ഡി.ഇ യിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. എം.എസ്.എം കോളേജ്, കായംകുളം, എൻ.എസ്.എസ് കോളേജ്, പന്തളം, എസ്.എൻ കോളേജ് ഫോർ വിമൻ, കൊല്ലം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ കോളേജ്, കൊല്ലത്ത് നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. എൻ.എസ്.എസ് കോളേജ്, ചേർത്തല, എസ്.ഡി കോളേജ്, ആലപ്പുഴ എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ കോളേജ്, ചേർത്തലയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

### മൂല്യനിർണ്ണയ ക്യാമ്പ്

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്, ബി.എ/ബി.എസ്.സി/ബി.കോം കരിയർ റിലേറ്റഡ് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം ആരംഭിക്കുന്നതിനാൽ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ സി.ബി.സി.എസ്.എസ് കോഴ്സിന്റെ റെഗുലർ ക്ലാസുകൾ നവംബർ 29 നും കരിയർ റിലേറ്റഡ് (സി.ആർ) കോഴ്സിന്റെ റെഗുലർ ക്ലാസുകൾ ഡിസംബർ 2 നും റദ്ദ് ചെയ്യുന്നതാണ്. റെഗുലർ ക്ലാസുകൾ റദ്ദ് ചെയ്ത ദിവസങ്ങളിലെ സർവകലാശാല പരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല. മൂല്യനിർണയ ചുമതലയുള്ള എല്ലാ അദ്ധ്യാപകരും അറിയിപ്പ് ലഭിച്ച പ്രകാരമുള്ള ക്യാമ്പുകളിൽ നിർബന്ധമായും ഹാജരാകേണ്ടതാണ്.

### ടൈംടേബിൾ

2019 ഡിസംബർ 5 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം (എഫ്.ഡി.പി - റെഗുലർ 2017 അഡ്മിഷൻ, സപ്ലിമെന്ററി - 2014, 2015 & 2016 അഡ്മിഷനുകൾ) ഡിഗ്രി പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഓപ്പൺ വൈവ

ഫിലോസഫി പഠനഗവേഷണ വകുപ്പിലേയും യൂണിവേഴ്സിറ്റി കോളേജിലേയും (ഫിലോസഫി) 2018-19 ബാച്ച് എം.ഫിൽ വിദ്യാർത്ഥികളുടെ ഓപ്പൺ വൈവ ഡിസംബർ 10 ന് രാവിലെ 10.30 ന് കാര്യവട്ടം സർവകലാശാല കാമ്പസിലുള്ള ഫിലോസഫി പഠനവകുപ്പിൽ വെച്ച് നടത്തുന്നതാണ്.

## പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷ (2004 & 2013 സ്കീം – മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2019 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 7 ന് മുൻപ് സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## തീയതി നീട്ടി

സർവകലാശാലയുടെ അറബിക് വിഭാഗം നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് സർട്ടിഫിക്കറ്റ് കോഴ്സ് ജനുവരി ബാച്ചിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 2 ലേക്ക് നീട്ടിയിരിക്കുന്നു. യോഗ്യത: പ്ലസ്ടു, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ. താൽപര്യമുളളവർ നിർദ്ദിഷ്ട അപേക്ഷ ഫോമിൽ അപേക്ഷിക്കുക. ഫോൺ: 9747318105

## പ്രഭാഷണ പരമ്പരയുടെ ഉത്ഘാടനം മാറ്റി

നവംബർ 29 ന് സെനറ്റ് ഹൗസ് കാമ്പസിൽ വെച്ച് നടത്താനിരുന്ന മീറ്റ് ദി സ്കോളർ എന്ന പ്രഭാഷണ പരമ്പരയുടെ ഉത്ഘാടനം മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
27.11.2019

പബ്ലിക് റിലേഷൻസ് ഓഫീസർ